**K21U 0050**

Reg. No.: ..................................

Name : ..................................

GOVT. BRENNEN COLLEGE

**VI Semester B.A. Degree (CBCSS-Reg./Supple./Improv.) Examination, April 2021**
**(2017-2018 Admissions)**
**CORE COURSE IN MALAYALAM**
**6B12 MAL : അരങ്ങും പൊരുളും**

Time : 3 Hours                                                                 Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ദക്ഷയാഗം ആട്ടക്കഥയുടെ സവിശേഷതകൾ വിവരിക്കുക.

2) 'മലയാള സിനിമയിൽ പുതുകാലഘട്ടത്തിനും പുതുഭാവുകത്വത്തിനും തുടക്കം കുറിക്കാൻ കഴിഞ്ഞതിന് ട്രാഫിക് എന്ന തിരക്കഥയ്ക്ക് പ്രധാന സ്ഥാനമുണ്ട്. ' ഈ അഭിപ്രായം ശരിയോ ? ചർച്ച ചെയ്യുക.

3) 'കുഞ്ചൻനമ്പ്യാരുടെ പ്രധാന ലക്ഷ്യം സാമൂഹിക വിമർശനമായിരുന്നു' – ഘോഷയാത്രയെ മുൻനിർത്തി വിശദമാക്കുക.

4) 'അസ്വാതന്ത്ര്യത്തിന്റെയും കൊടിയ പീഢനങ്ങളുടെയും നടുവിൽക്കിടന്ന് നരകിക്കുന്ന സ്ത്രീജീവിതങ്ങളുടെ യഥാർത്ഥ ചിത്രമാണ്, 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' എന്ന നാടകത്തിലൂടെ എം. ആർ. ബി. അവതരിപ്പിച്ചത്. വിലയിരുത്തുക.

5) 'ദാനധർമ്മത്തിന്റെയും ആത്മാഭിമാനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ഉത്തമ പ്രതീകമായിട്ടാണ് കർണഭാരം നാടകത്തിലൂടെ ഭാസൻ കർണനെ ചിത്രീകരിച്ചത് – വിശദമാക്കുക.

6) സിനിമയെന്ന കലാരൂപത്തിന് സമൂഹമനസിനെ സ്വാധീനിക്കാൻ സാധിക്കുന്നുണ്ടോ ? ഉദാഹരണസഹിതം വിശദമാക്കുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

7) ദക്ഷയാഗം ആട്ടക്കഥയുടെ ഇതിവൃത്തം സംഗ്രഹിക്കുക.

8) തുള്ളൽ എന്ന കലാരൂപത്തിന്റെ സവിശേഷതകൾ വിവരിക്കുക.

9) ദക്ഷൻ എന്ന പ്രതിനായക കഥാപാത്രത്തെ, ദക്ഷയാഗം ആട്ടക്കഥയിൽ ഇരയിമ്മൻ തമ്പി അവതരിപ്പിക്കുന്നതെങ്ങനെ ?

P.T.O.

10) 'കർണഭാരം' നാടകത്തിൽ മൂലകഥയിൽ നിന്നും ഭാസൻ വരുത്തിയ പ്രധാന മാറ്റങ്ങൾ ഏവ ?

11) ട്രാഫിക് എന്ന തിരക്കഥയുടെ പ്രധാന സവിശേഷതകൾ വിവരിക്കുക.

12) വിവാഹജീവിതം അന്തർജ്ജനങ്ങൾക്ക് ദുരന്തമായി മാറുന്ന ഒരു കാലഘട്ടത്തെ എം. ആർ. ബി. അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

13) പോലീസ് സംവിധാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ട്രാഫിക് തിരക്കഥയെ മുൻനിർത്തി വിവരിക്കുക.

14) മത്തവിലാസപ്രഹസനത്തിന്റെ സവിശേഷതകൾ വിവരിക്കുക. **(4×3=12)**

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

15) ട്രാഫിക് എന്ന ശീർഷകത്തിന്റെ സവിശേഷതകൾ കുറിക്കുക.

16) 'ക്ഷിപ്രമംബരതലത്തിലുയർന്നാൻ
അപ്രമേയബലനാകിയദിവ്യൻ' – സന്ദർഭമെഴുതി ആശയം വിശദമാക്കുക.

17) 'ഈ ചാരായക്കടയ്ക്ക് ഒരു യാഗശാലയുടെ ചന്തമുണ്ട് ' – ഇങ്ങനെ പറയാൻ കാരണമെന്ത് ?

18) 'അയാൾക്ക് മുമ്പിലിരിക്കുന്ന ഇരുപതോളം പോലീസുകാരോട് അയാൾ ചടുലമായി സംസാരിച്ചു' – സംസാരിച്ച കാര്യങ്ങൾ എഴുതുക.

19) 'അല്ല ഞാൻ ഇന്ദ്രനെയാണ് ശപിച്ചത് ' – ആരാണിങ്ങനെ പറഞ്ഞത് ? കാരണമെന്ത് ?

20) ഇട്ടിപ്പാപ്പി എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

21) 'കണ്ണിണയ്ക്കാനന്ദം നൽകീടുന്നുപാരം
കാളിന്ദീനദിസാമ്പ്രതം' – ഇരയിമ്മൻതമ്പി വർണിക്കുന്ന കാളിന്ദീ നദിയുടെ പ്രത്യേകതകൾ എന്തെല്ലാം ?

22) കഥകളിയിലെ ചതുർവിധാഭിനയങ്ങൾ ഏവ ? അവയെക്കുറിച്ച് വിശദമാക്കുക. **(4×2=8)**

IV. **ഒരു** വാക്കിലോ വാക്യത്തിലോ **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23) ട്രാഫിക് എന്ന സിനിമ സംവിധാനം ചെയ്തതാര് ?

24) കുഞ്ചൻനമ്പ്യാരുടെ ഘോഷയാത്ര എന്ന കൃതി ഏതു വിഭാഗം തുള്ളലാണ് ?

25) സ്വപ്നവാസവദത്തം എന്ന നാടകം എഴുതിയതാര് ?



26) 'ഈ മദ്യദോഷമാണോ എന്നെയിങ്ങനെ പിടികൂടിയത് ? ശരി, ശരി, ഇന്നുമുതൽ ഞാൻ കുടിനിർത്തുകയാണ് !' – ആരാണിങ്ങനെ പറയുന്നത് ?

27) എം. ആർ. ബി. പത്രാധിപരായിരുന്ന മാസിക ഏത് ?

28) ഭാസനാടകചക്രം എന്ന പേരിൽ ഭാസനാടകങ്ങളെ സമാഹരിച്ച് പ്രസിദ്ധീകരിച്ചതാര് ?

29) ഏകാങ്കത്തിന്റെ പ്രത്യേകതയെന്ത് ?

30) 'വേണ്ട സമയത്ത്, പഠിച്ച അസ്ത്രവിദ്യ ഫലിക്കാതെ പോകട്ടെ' – എന്ന് കർണനെ ശപിച്ചതാര് ?

31) 'ഉള്ളത്തിൽ ഭയമേറുക മൂലം
വെള്ളത്തിൽ ചിലർ ചാടിയൊളിച്ചു' – ഒളിച്ചത് ആര് ?

32) ട്രാഫിക് എന്ന തിരക്കഥയിൽ, കൈക്കൂലി കേസിൽ പിടിയിലാകുന്ന കഥാപാത്രമാര് ?

33) 'കുരുകുലമുഢന്മാരേ നിങ്ങടെ
പരമാർത്ഥം ഞാനഖിലമറിഞ്ഞേൻ' – പരമാർത്ഥം അറിഞ്ഞതാര് ?

34) ഉത്തരാസ്വയംവരം ആട്ടക്കഥയുടെ കർത്താവാര് ? **(6×1=6)**